
ദ്യുതി.......
ജി.വി.എച്ച്.എസ്സ്.എസ്സ് നന്തിക്കര

## പത്രാധിപസമിതി

| | |
|---|---|
| ചീഫ് എഡിറ്റർ | : കെ ഉഷാദേവി |
| സബ് എഡിറ്റർ | : ദിവ്യ പി കെ |
| | : സീമ എം |
| സ്റ്റുഡന്റ് എഡിറ്റർ | : നവീന മാർട്ടിൻ |
| | : ബാഷിത് |
| | : ജെയ്ഷ |

# ആമുഖം

ഡിജിറ്റൽ യുഗത്തിൽ തങ്ങളുടെ സർഗ്ഗാത്മകതയെ ഡിജിറ്റലൈസ് ചെയ്യാനുള്ള ഒരു എളിയ ശ്രമം.........ദൃുതി......

ഐ റ്റി മേഖലയിൽ കഴിവ് തെളിയിക്കാനുള്ള വലിയ ആഗ്രഹത്തിന്റെ എളിയ സാക്ഷാത്ക്കാരം.

ഈ ദൃുതി എല്ലാവരിലേക്കും പരന്നൊഴുകാൻ ഞങ്ങളിതാ സമർപ്പിക്കുന്നു......

# ആശംസ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഐ റ്റി മേഖലയിലുള്ള പ്രാഗൽഭ്യം വളർത്തുന്നതിന്  ഉത്തമ സഹായിയാണ് ഡിജിറ്റൽ മാഗസിൻ. 2019-20 അധ്യയന വർഷത്തെ ഡിജിറ്റൽ മാഗസിനായ ദൃുതി കുട്ടികളുടെ സർഗാത്മകതയെ പോഷിപ്പിക്കാൻ ഉതകും വിധം, രൂപകൽപ്പന ചെയ്യാൻ അതിന്റെ ശില്പികൾക്കായിട്ടുണ്ട്. സ്കൂളിന് മാതൃകാപരമായ ഈ പ്രവർ ത്തനത്തിന് ഹൃദയംഗമമായ ആശംസകൾ ..........

കെ .ഉഷാദേവി

ഹെഡ്മിസ്ട്രസ്

# താളുകളിലൂടെ


1.കഥയുടെ പണിപ്പുര ................................. 6

2.തിരുമുറിവുകൾ .................................. 7

3.അവസാനവും ആരംഭവും ......................... 8

4.അപ്പുവിന്റെ ആത്മകഥ .............................. 9

5.മിനിക്കഥ ................................................ 10

6.നിദ്ര `.................................................... 11

7.കാലാവസ്ഥ പ്രതിസന്ധി നേരിടാം .............. 12

8 സാന്ത്വനം................................................. 13

9. നന്തിക്കരയിലെ വിദ്യാലയം ........................ 14

10.മഷിശലഭ ദളങ്ങൾ .................................. 15

11.പ്രണയം ................................................. 16

12.ശിവപുരം കോളനി ...................................... 17

13.സോപാനസംഗീതം......................................... 18

# കഥയുടെ പണിപ്പുര

സ്കൂൾ ബസ്സിന്റെ ശബ്ദം കേട്ട് അടുക്കളയിലെ പണി നിർത്തി നീലിമ പുറത്തേക്കു വന്നു. തന്റെ ദേഹത്ത് ഒലിച്ചിറങ്ങുന്ന വിയർപ്പിനെ സാരിത്തുമ്പ് കൊണ്ട് തുടച്ച് ഗേറ്റിനരികിലേക്കു നോക്കി. വലിയ ബാഗ് തൂക്കി വരുന്ന ജാഹ്നവിയുടെ നീട്ടിയുള്ള വിളി തുടങ്ങി . അമ്മെ................ കയറി വന്നയുടൻ ബാഗ് കട്ടിലിലേക്ക് വലിച്ചെറിഞ്ഞു അടുക്കള ലക്ഷ്യമാക്കി ജാനി നടന്നു, തയ്യാറാക്കിയിരുന്ന കാപ്പിയും പലഹാരവും നീലിമ അവൾക്കു നൽകി. കഴിക്കുന്നതിനിടയിൽ ജാനി പറഞ്ഞു, അമ്മേ ......ഞങ്ങളുടെ സ്കൂളിൽ ഓരോ ക്ലാസ്സിലും കുട്ടികളുടെ അമ്മമാർ തയ്യാറാക്കിയ ഏതെങ്കിലും രചനകൾ കൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട് .കഥയോ കവിതയോ ആസ്വാദനമോ അങ്ങനെ എന്തെങ്കിലും. തന്നോടല്ലാത്ത ഭാവത്തിൽ നീലിമ തന്റെ പണികൾ തുടർന്നു .വീണ്ടും ഈ കാര്യം ജാനി ആവർത്തിച്ചുകൊണ്ടേയിരുന്നു .അപ്പോൾ ആണ് അവൾ ഇത് ഗൗരവത്തിലെടുക്കുന്നത് നിന്റെ അച്ഛൻ എഴുതിയ കഥയോ കവിതയോ ഏതെങ്കിലും തരാം .ഇത് എന്നെകൊണ്ട് പറ്റുന്ന കാര്യമല്ല. അമ്മേ ....അവൾ ചിണുങ്ങി. പുറത്തു ഇരുട്ട് പിടിച്ചിരുന്നു.നേരം പോയതറിഞ്ഞില്ല. എവിടെയോ മഴ പെയ്യുന്നുണ്ട് തണുത്ത കാറ്റ് വീശാൻ തുടങ്ങി .മോളേ ......അച്ഛൻ ഇതുവരെയും വന്നില്ലല്ലോ 'അമ്മ മകളോടായി പറഞ്ഞു. പറഞ്ഞു തീരുമ്പോഴേക്കും പുറത്തു ഹോണടി ശബ്ദം കേട്ടു . ദേ അമ്മേ അച്ഛൻ വന്നു എന്ന് പറഞ്ഞു ജാനി ഓടിച്ചെന്നു അച്ഛനെ കെട്ടിപ്പിടിച്ചു.നീലിമ വരാന്തയിലേക്ക് വന്നു.ജീവന്റെ മുഖത്തെ ക്ഷീണത്തിൽ നിന്നും ഓഫീസിൽ തിരക്കിട്ട ജോലി ഉണ്ടായിരുന്നെന്ന് അവൾക്കു മനസ്സിലായി .ബാഗ് വാങ്ങി അവൾ റൂമിലേക്ക് ചെന്നു. അമ്മേ കഥയെഴുതണേ ജാനി ഓർമിപ്പിച്ചു. കഥ എഴുതാനോ ഇതുവരെ ചെയ്യാത്ത കാര്യമാണ് എങ്കിലും മോൾക്ക് വേണ്ടി ശ്രമിച്ചുനോക്കാം എന്ന് നീലിമ മനസ്സിലോർത്തു. ഒരു പേപ്പറും പേനയുമെടുത്തു ജാനിയുടെ അടുത്തിരുന്നു.മോൾക്കും സന്തോഷമായി . പക്ഷെ എത്ര ആലോചിച്ചിട്ടും വിരൽത്തുമ്പിലേക്കു വാക്കുകളൊന്നും വന്നില്ല.തല പുകഞ്ഞാലോചിച്ചിട്ടും എഴുതാൻ കിട്ടുന്നില്ല.ഒരു പുസ്തകത്താളുപോലും നേരാംവണ്ണം വായിച്ചുനോക്കാത്തതിന്റെ ബുദ്ധിമുട്ട് അന്നാണ് അവൾക്കു മനസ്സിലായത് . ഒന്നുരണ്ടു ദിവസം ഈ ചിന്തയിലായിരുന്നു. അന്നൊരു ബുധനാഴ്ച ആയിരുന്നു.അന്ന് ജാനി കാര്യം വീണ്ടും ഓർമപ്പെടുത്തി.അന്ന് രാത്രി കഥയെക്കുറിച്ചായിരുന്നു നീലിമയും ജീവനും സംസാരിച്ചത് . എല്ലാ എഴുത്തുകാരുടെയും തുടക്കം ഇങ്ങനെയൊക്കെത്തന്നെയാണ് എന്ന് ജീവൻ അവളെ ഓർമപ്പെടുത്തി. എഴുതാൻ കഴിയുമെന്ന കരുത്തും പകർന്നു . തന്റെ ചുറ്റുപാടുകളിലൂടെ കണ്ണോടിച്ചാൽ അതിലുമുണ്ടാകുമൊരു കഥ.അവൻ നൽകിയ ആത്മധൈര്യത്തിൽ അവൾ എഴുതാൻ തുടങ്ങി

# തിരുമുറിവുകൾ

മങ്ങിയ നിറങ്ങൾ ചാലിച്ചെഴുതിയ ചിത്രങ്ങൾ പോലെ ചില ജീവിതങ്ങൾ ഉണ്ട് .സ്വപ്നങ്ങളൊഴിഞ്ഞ കണ്ണുകളും മനസ്സുമായി അവർ ജീവിച്ചു തീർക്കുന്നു .കയം പോലെ കലങ്ങി മറിയുന്ന അവരുടെ ഉള്ളിലേക്ക് ആരും ചുഴിഞ്ഞുനോക്കാറില്ല.മൗനമാണല്ലോ അവരുടെ ഭാഷ. അതുകൊണ്ട് ........

ഇവിടെ നിന്ന് നോക്കിയാൽ അപ്പുവിന്റെ മുറി കാണാം .പോക്കുവെയിൽ പൊന്നു പൊരിയുന്ന ഈ അപരാഹ്നത്തിലും ഒരു കീറ് വെളിച്ചത്തെ അകത്തേക്ക് കടത്താതെ അന്ധകാരം വാരിപൊത്തിയപോലെ ആ മുറി.......അവിടെ ഇന്ദിരയുണ്ട് അപ്പുക്കുട്ടന്റെ മരണം നടന്നിട്ടും ഇന്ദിരയെ ഒന്ന് പോയി കാണാൻ തോന്നിയില്ല അവിടെ എന്ത് നടക്കുന്നു എന്ന് അന്വേഷിച്ചില്ല.പരസ്പരം അവയവങ്ങളായി മാറിയ വൃക്ഷങ്ങളായിരുന്നു ആ അമ്മയും മകനും ഈ കുഞ്ഞിനേയും കൊണ്ട് ഇവളെന്തു ചെയ്യാനാണ് എന്ന് അതിശയിച്ചവർക്ക് മുന്നിൽ അവരൊരു തുരുത്ത് സൃഷ്ടിച്ചു .ഭിന്നശേഷിക്കാരായ മക്കൾ എന്നും അമ്മമാർക്ക് ഭാരമാണെന്നു അവർ കരുതി. പക്ഷെ ഇന്ദിര അവനെ ചൊല്ലി മാത്രം ജീവിച്ചു .രാപ്പകലില്ലാതെ പണിയെടുത്തു. ഒടുവിൽ എപ്പോഴോ അവളുടെ വിരലിൽ നിന്നൂരി .......കുലം കുത്തിയൊഴുകുന്ന പുഴയിലേക്കവൻ പോയി ......ഒരു നനഞ്ഞ പൂവായ് ഒഴുകി......പുഴയുടെ നെഞ്ച് പോലും പൊള്ളി.....അംഗഭംഗം വന്നവളെപ്പോലെ ഇന്ദിര ഇപ്പോഴുമുണ്ട് .എന്തുകൊണ്ട് അവളെ ഇത്രനാൾ പോയിക്കണ്ടില്ല. ആശ്വസിപ്പിച്ചില്ല. ചിന്തിക്കാൻ സമയമില്ല.മൊബൈൽ നിർത്താതെ ചിലക്കുന്നു.



# അവസാനവും ആരംഭവും

സ്നേഹത്തിനും വിശ്വാസത്തിനും
ഉപരി ഒരിക്കലും നല്കാനാവാത്ത
ഹൃദയബന്ധങ്ങൾ
പൊന്നോണവും ക്രിസ്തുമസ്സും റംസാനും
ചേർന്ന് നിറം പകർന്ന നിമിഷങ്ങൾ
അവസാനം
നിറമുള്ള നിമിഷങ്ങളെ
ഹൃദയത്തിനുള്ളിലാക്കി
കടന്നുപോയ മൂന്നു പതിറ്റാണ്ടുകളുടെ
സുരഭിലസ്മരണകൾ
സ്മരണകളും ഭാവനകളും
ഭാവുകങ്ങളും ഭാസുരസങ്കല്പങ്ങളും
ചേർന്ന് കൊരുത്ത
ഗ്രീഷ്മത്തിന്റെ ചൈതന്യമായ
കണിക്കൊന്നപ്പൂവുകളുടെ വർണവും
പൊന്നിലഞ്ഞിയുടെ സൗന്ദര്യമുള്ള സ്മരണിക
മറക്കാത്ത ഓര്മകളെഴുതിയ
മനസ്സിന്റെ രാഗങ്ങളെ
മാന്ത്രിക താന്ത്രികളിൽ
മധുരം ,നിങ്ങൾക്കായി മീട്ടിടുമ്പോൾ
ഈ ഓർമ്മകൾ .......മരിക്കാതിരുന്നെങ്കിൽ

# അപ്പുവിന്റെ ആത്മകഥ

അപ്പുവിന് കരച്ചിൽ വന്നു അവൻ പറഞ്ഞതാണ് അവനെ സ്കൂൾ മാറ്റണ്ടന്ന് .എന്നാൽ അതൊന്നും വകവെക്കാതെ അവന്റെ മാതാപിതാക്കൾ അടുത്തുള്ള ഗവണ്മെന്റ് സ്കൂളിൽ ചേർത്തു.എന്നിട്ട് പരീക്ഷയിൽ മാർക്ക് കുറഞ്ഞതിന് തനിക്ക് കുറ്റം .അവൻ മുൻപ് പഠിച്ചിരുന്ന സ്കൂളിലെ ടീച്ചർമാരും പറഞ്ഞിരുന്നു അവനെ സ്കൂൾ മാറ്റണ്ടന്ന് എന്നാൽ മാതാപിതാക്കൾ അതും കേട്ടില്ല .അവൻ തന്റെ വിധിയെ പഴി ചാരി. ആകെക്കൂടി അവനുണ്ടായിരുന്ന ആശ്വാസം എല്ലാം തുറന്നു പറയാവുന്ന എന്തിനും കൂട്ടുനിന്നിരുന്ന അവന്റെ എല്ലാം എല്ലാമായ കൂട്ടുകാരൻ രാമനാണ് .അവൻ മാത്രമാണ് അപ്പുവിനെ മനസ്സിലാക്കിയിരുന്നത് രാമനെയും അവന്റെ മാതാപിതാക്കൾ അവനിൽ നിന്നും പിടിച്ചുമാറ്റി . സ്കൂൾ മാറിയതിൽ പിന്നെ അപ്പുവിന്റെ സ്വഭാവത്തിൽ ചില മാറ്റങ്ങൾ ഉണ്ടായി .അവനു പെട്ടെന്ന് ദേഷ്യം വരികയും അത് നിയന്ത്രിക്കാനാകാതെ വരികയും ചെയ്തു .അവന്റെ മാതാപിതാക്കൾ അതിനു കാരണം ആ ഫോൺകളിയും ഫുട്ബോൾ ഭ്രാന്തും ആണെന്ന് വിലയിരുത്തി .അവർ അതിന്റെ കാരണം അപ്പോഴും അന്വേഷിച്ചിരുന്നില്ല.രാമനും അപ്പുവും തമ്മിൽ സമാനതകൾ ഏറെ ഉണ്ടായിരുന്നു.രാമന്റെ അച്ഛനും അമ്മയും അനിയനും തമിഴ് നാട്ടിലായിരുന്നു .രാമനെ മനസ്സിലാക്കിയിരുന്നത് അപ്പുവാണ് .അപ്പുവിന് ഏഴാംക്ലാസ്സിൽ തുടങ്ങിയതാണ് ഫുട്ബാളിനോടുള്ള ഭ്രമം .രാമനെ പിരിഞ്ഞതിന് ശേഷം അപ്പുവിനുണ്ടായിരുന്ന കൂട്ട് കഥാപുസ്തകങ്ങളും ഫുട്ബാളുമാണ് .അപ്പുവിന്റെ അച്ഛനും അമ്മയും അവനെ അവരുടെ ഇഷ്ടത്തിനാണ് വളർത്തിയിരുന്നത് .അവർ അവനെ സംഗീതം പഠിപ്പിക്കാൻ അയച്ചിരുന്നു,. എന്നാൽ അപ്പു പല പ്രാവശ്യം ഫുട്ബാൾ ക്യാമ്പിന് വിടാൻ കേണപേക്ഷിച്ചിരുന്നെങ്കിലും രക്ഷയുണ്ടായില്ല. അങ്ങനെയിരിക്ക സ്കൂളിൽ വെച്ച് അവനു ആദ്യമായി സ്കൂൾ ടീമിൽ ഗോൾകീപ്പറായി സെലക്ഷൻ ലഭിച്ചു,. അങ്ങനെയിരിക്കെ രാമൻ ഒരു ദിവസം അപ്പുവിന്റെ വീട് സന്ദർശിച്ചു അപ്പോഴാണ് അപ്പുവിന്റെ 'അമ്മ അവന്റെ സ്വഭാവത്തിലെ മാറ്റം ശ്രദ്ധിച്ചത് .സ്കൂൾ മാറിയതിനു ശേഷം പെട്ടെന്ന് ദേഷ്യം വന്നിരുന്ന അനുസരണയില്ലാതിരുന്ന അപ്പു എല്ലാം അനുസരിക്കുന്നു. അപ്പോൾ അവർക്കു മനസ്സിലായി തങ്ങൾ അപ്പുവിനെ വളർത്തുന്നതിൽ പിഴവ് പറ്റിയെന്ന് .അപ്പുവിന്റെ 'അമ്മ അച്ഛനോട് പറഞ്ഞു .അച്ഛനും അത് ശരിവച്ചു അവർ അവനെ ഫുട്ബോൾ ക്യാമ്പിനായി എല്ലാ ആഴ്ചയും പറഞ്ഞായച്ചു .അപ്പുവിന്റെ സ്വഭാവം പാടെ മാറി .അവൻ സ്കൂളിൽ പാദനത്തിലും പാട്ടുമത്സരത്തിലും ഫുട്ബോളിലും മികവ് പുലർത്തി ക്കൊണ്ടുവന്നു .അങ്ങനെയിരിക്കെ അപ്പുവിന്റെ ഫുട്ബോൾ ടീമിന് കേരളബ്ലാസ്റ്റേഴ്സുമായി മത്സരം നടന്നു,.അപ്പു മിന്നുന്ന പ്രകടനം കാഴ്ച വെച്ചു തന്റെ ടീമിനെ വിജയത്തിലേക്ക് നയിച്ച്. പിന്നീട് അപ്പു ഒരുപാടു മികച്ച വിജയങ്ങൾ കൊയ്തു .ഇതിൽ നിന്നും മാതാപിതാക്കൾ ഒന്ന് മനസ്സിലാക്കി കൂട്ടിലിട്ട തത്തകളെപ്പോലെ കുട്ടികളെ വളർത്തരുതെന്നു .

# മിനിക്കഥ

ഒരിക്കൽ  ഒരു ഗ്രാമത്തിൽ റിച്ചു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു .അവന്റെ വീടിന്റെ മുറ്റത്തു നിറയെ മാമ്പഴം ഉള്ള ഒരു മാവ് ഉണ്ടായിരുന്നു

ആ മാവിലെ മാമ്പഴം നല്ല മധുരം ഉള്ളതായിരുന്നു .അതിനാൽ കുട്ടിക്ക് ആ പ്രത്യേകം

ഇഷ്ടമായിരുന്നു .കാലം കടന്നുപോയി .മാവു പൂക്കുന്ന പോലെ

കുട്ടിയും  വളർന്നു അവന്റെഓട്  വീടിനു പകരം കുറ്റൻ  മണിമാളിക വന്നു .വീടിനു മുന്നിൽ യഹ്‌ല ഉയർത്തിനിൽക്കുന്ന ചക്കരമാവു അവനൊരു ഭാരമായി
തോന്നി മരത്തിനു മേൽ കോടാലിയുടെ ആദ്യപ്രഹരം ഏറ്റപ്പോൾ ചിതറിത്തെറിച്ചത് അവന്റെ ബാല്യമാണ് അവന്റെ ഉള്ളിൽ ഒരു നനവ് പടർന്നു




# നിദ്ര

നിദ്രയാണെനിക്കിഷ്ടം
ശാന്തനിദ്രയാണെനിക്കിഷ്ടം
കാതോര്ത്തിരിക്കും ഞാൻ
പടിപ്പുരവാതിലിൽ
നിൻ ചിലങ്ക തൻ മണിസ്പന്ദനം കേൾക്കാനായി
നിദ്രയാണെനിക്കിഷ്ടം
ശാന്തനിദ്രയാണെനിക്കിഷ്ടം

നിന്നിലലിയാൻ ഈ കപടലോകം തൃജിക്കാൻ
നിന്നെ പുണരുവാൻ മാത്രം ഞാൻ കൊതിക്കുന്നു
ദൂരെ പടിഞ്ഞാററിക്കാനുറങ്ങാൻ തുടങ്ങുമ്പോൾ
എന്നടുത്തെത്താൻ മാത്രം വൈകുന്നതെന്തേ നീയും
നിന്നിലലിഞ്ഞ മൂകമാം സ്വപ്നങ്ങൾക്ക് വിടുതൽ നൽകി
ശാശ്വതസുഖം തരുമെന്ന നിത്യനിദ്ര
ഇനിയുമിനിയും നീ വൈകരുതേ എൻ പ്രിയ സഖേ നിനക്കാത്മപ്രണാമം

**Rajani soman**



# കാലാവസ്ഥ പ്രതിസന്ധി  നേരിടാം .....

അന്തരീക്ഷത്തെ  മലിനമാക്കുന്നതിൽ കാർബൺഡൈഓക്സൈഡ് വഹിക്കുന്ന  പങ്ക് ചെറുതല്ല . ഈ പ്രതിസന്ധിക്കെതിരെ  പോരാടാൻ  ഒരുങ്ങുകയാണ് ശാസ്ത്രലോകം . ചുരുങ്ങിയ അളവിലുള്ള കാർബൺഡയോക്സൈഡ് പോലും വലിച്ചെടുത്ത് അന്തരീക്ഷം ശുദ്ധമാക്കുന്ന പുതിയ സംവിധാനം വികസിപ്പിച്ചെടുത്തത് മസാച്ചുസൈറ്റ്സ് ഗവേഷകരാണ് .ചാർജ് ചെയ്ത രണ്ടു എലെക്ട്രോസെമിക്കൽ പ്ളേറ്റുകൾക്കിടയിലൂടെ കടത്തിവിടുന്ന വായുവിൽനിന്നു കാർബൺഡൈഓക്സൈഡ് മാത്രം വലിച്ചെടുത്ത് വേർതിരിച്ചെടുക്കുന്ന സംവിധാനമാണിത് .ശീതളപാനീയങ്ങളിലും ഹരിതഗൃഹങ്ങളിലേക്കുമൊക്കെ വേണ്ട കാർബൺ  എളുപ്പത്തിലുണ്ടാക്കാൻ ഈ സംവിധാനം കൊണ്ട് കഴിയും .വേർതിരിച്ചുകിട്ടുന്ന ശുദ്ധമായ കാർബണിനെ മണ്ണിനടിയിൽ നിക്ഷേപിച്ചാൽ കുറച്ച് വർഷംകൊണ്ട് ഫോസിൽ ഇന്ധനങ്ങളുടെ  മികച്ച ശേഖരങ്ങളുണ്ടാക്കാൻ  കഴിയുമത്രേ ...      ചാർജ് സംഭരിച്ച രണ്ടു പ്ളേറ്റുകളല്ലാതെ വേറൊരു രാസപ്രവർത്തനമോ  മർദ്ദമോ കാർബൺ വേർതിരിച്ചെടുക്കാൻ ആവശ്യമില്ലെന്നതാണ് ഈ കണ്ടുപിടുത്തത്തെ വ്യത്യസ്തമാക്കുന്നത് .

പ്രീത.  8 ബി

# സാന്ത്വനം

നേരിട്ടുകണ്ടുഞാൻ   നിങ്ങൾതൻ ദുരിതങ്ങൾ
കടലമ്മക്ക് പ്രിയരാം  മാനവശ്രേഷ്ഠരെ
പൊട്ടിത്തകർന്നോരാ വീടുകൾ കണ്ടുഞാൻ
ഉള്ളം തകർന്നു മൂകനായി നിന്നുപോയി

വീടുകൾ പോയവർ അനാഥരായി തീർന്നവർ
കൊറ്റിന്ന്  പോലും   ബുദ്ധിമുട്ടുന്നവ
ചോദിപ്പൂ കടലമ്മ തന്നോട് ഞാനിന്ന്
നിൻ പ്രിയമക്കളോടെന്തിനീ ക്രൂരത
ജീവിതം ദുഃഖഭരിതമാണെങ്കിലും
ഞങ്ങൾ തൻ രക്ഷകരായി നിങ്ങളെത്തി
പ്രളയകാലത്തെ നിങ്ങടെ സേവനം
നന്ദിയോടെന്നും ഞങ്ങൾ സ്മരിച്ചീടും
അല്ല നിങ്ങൾ അനാഥരല്ല
നിങ്ങൾക്ക് തുണയായി ഞങ്ങളുണ്ട്
കാരുണ്യം വറ്റാത്ത മനസ്സുമായി
നിങ്ങളോടൊപ്പം ഞങ്ങളെന്നുമുണ്ട്

# നന്തിക്കരയിലെ വിദ്യാലയം

നന്തിയാറിന് തീരത്തുണ്ട് നന്തിക്കരയാം  ദേശം
ഈ ദേശത്താകെ ശോഭ പരത്തി
നാട്ടിൽ നന്മ വളർത്തി
നില്പതുണ്ടെ ശിരസ്സുയർത്തി
നൂറുതികഞ്ഞൊരു വിദ്യാലയം

നാട്ടാർക്കക്ഷര ജ്ഞാനം നൽകി
വിജ്ഞാനക്കുളിർ പകർന്നുനൽകി
ഗുരുശ്രീഷ്ഠർ പലരും എത്തിച്ചേർന്നു
പെരുമകൾ പലതും നേടി
പെരുമകൾ പലതും നേടി

പകർന്നുകിട്ടിയൊരോർജവുമായി
അറിവിന്നാഴം താണ്ടിതാണ്ടി
ഉന്നതസരണിയിലെത്തിച്ചേർന്നു
പെരുമകൾ പലതും നേടി
മിടുക്കരാം  ചില പഠിതാക്കൾ
 മിടുക്കരാം  ചില പഠിതാക്കൾ

വർഷം പലതു കഴിഞ്ഞീടുമ്പോൾ
മലയാളത്തിന്നഭിമാനമായി
അന്താരാഷ്ട്രത്തലത്തിലേക്ക്
കുതികൊള്ളുകയാണീ  വിദ്യാലയം
കുതികൊള്ളുകയാണീ  വിദ്യാലയം




ആർ ശ്രീകുമാർ

# <u>മഷിശലഭ ദളങ്ങൾ</u>



വരച്ചും കുത്തിയും കോറിയുമിട്ട മഷി
വാക്കാണ് ചിത്രങ്ങളായും
പെയ്തൊഴിയുന്നു........

എത്ര സാഹിത്യങ്ങളെഴുതീടുന്നു
മഷിച്ചെപ്പിന് നിറങ്ങൾ
ആദ്യമായ് കിട്ടിയ മഷിനിറങ്ങൾ
ഉത്സവശലഭത്തെയോർത്തു



ശലഭതലുകളോരോന്നും
പുഞ്ചിരിയോടെ മറിക്കുമ്പോഴും
ആദ്യമായ് പഠിച്ച വാക്കിന്നും
ഓർമച്ചെപ്പിലുണ്ടല്ലോ എൻ ഗുരുനാഥരും



മഴ
വേനലിന്റെ വറുതിയിൽ
നിന്നെ കാത്തിരുന്നപ്പോൾ
കരുതിയില്ലല്ലോ
"മതി തിരികെ പോകൂ "
എന്ന് പറയേണ്ടി വരുമെന്ന്
പ്രളയം
നൂറ്റാണ്ടിലൊരിക്കൽ മാത്രമേ
വരൂ ....എന്ന് പറഞ്ഞിട്ട്
എന്തിനാണ് നീ വീണ്ടും വന്നത് ?



വെയിൽ
നിന്നെ കണ്ടില്ലെങ്കിൽ
എനിക്കും സങ്കടമാണ്
പക്ഷെ നീ എന്നെ
അധികം സ്നേഹിക്കല്ലേ
നിന്റെ ആലിംഗനങ്ങൾ
എനിക്ക് വേദനയുണ്ടാക്കുന്നല്ലോ




# പ്രണയം

**ഈ കുട്ടിയെന്താ ഇങ്ങനെ ?ഒരു ആസ്സൈന്മെന്റ് പോലും ശരിക്കു ചെയ്തിട്ടില്ല .എന്താ വീട്ടിൽ പണി ? കണക്കു ടീച്ചർ ദേഷ്യത്തോടെ കണക്കു നോട്ടുബുക്ക് വലിച്ചെറിഞ്ഞു . കണ്ണീരോടെ പുസ്തകമെടുത്തു സീറ്റിലേക്ക് നടക്കുമ്പോഴോർത്തു എനിക്ക് ഏറെ ഇഷ്ടമുള്ള ചേച്ചിവീട്ടുജോലിക്കായി കൊൽക്കത്തയിലേക്ക് പോയതൊന്നും**

**ഈ ടീച്ചർക്കറിയില്ലല്ലോ .മാത്രമല്ല,അസ്സൈൻമെന്റിലുള്ള ചോദ്യങ്ങൾക്കൊന്നും ഉത്തരം എഴുതാനുള്ള ബുദ്ധി എനിക്കില്ല എന്നതും ഈ ടീച്ചർക്കറിയില്ലല്ലോ**

**എങ്കിലും വീട്ടിലെത്തിയ ഞാൻ ഉത്തരം കണ്ടെത്താൻ തുടങ്ങി .ഓരോരോ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തി തുടങ്ങിയപ്പോൾ തുടങ്ങി കണക്കിനോടുള്ള എന്റെ പ്രണയം .....അതെ...ചേച്ചിയെപ്പോലെ വീട്ടുവേലക്കാരി ആവാതിരിക്കാനുള്ള എന്റെ തീരുമാനവും.**



# ശിവപുരം കോളനി

ശിവപുരം കോളനിയും ഞാനും തമ്മിലുള്ള ബന്ധം എനിക്കിന്നും കൃത്യമായി പറയാൻ കഴിയില്ല.മഞ്ഞ നിറമുള്ള ഞങ്ങളുടെ കോളേജ് ബസ്സിലിരുന്നു ഒരിക്കൽ ഞാൻ കണ്ട ഒരു ചെറുപ്പക്കാരനായിരുന്നു ആ കവാടത്തിലേക്കെന്റെ ശ്രദ്ധ തിരിച്ചത് .തിളങ്ങുന്ന വിടവുള്ള പല്ലു കാട്ടി കൂട്ടരൊത്തു ചിരിച്ചു നിൽക്കുന്ന ഒരുത്തൻ .കൈതോലപ്പായയിൽ എഴുതിവച്ചിരിക്കുന്ന ശിവപുരം കോളനി എന്ന കവാടത്തിലേക്ക് ആ ചിരിയിൽ ആകൃഷ്ടയായി ഒരിക്കൽ ഞാൻ ഇറങ്ങിച്ചെല്ലുക തന്നെ ചെയ്തു . പച്ച നെൽപാടങ്ങൾക്കിടയിൽ തെളിനീരുറവകൾ ആകാശത്തെ വഹിച്ചു നിൽക്കുന്ന കാഴ്ചയാണെന്നെ ആദ്യം വരവേറ്റത് .പാതയോരങ്ങളിലെല്ലാം നിറയെ പൂത്തുനിൽക്കുന്ന നാട്ടുമാവുകൾ .പക്ഷികളുടെ ആറാം സിംഫണിയിലെക്ക് പറന്നുയരുന്ന ചിത്രശലഭങ്ങൾ .തേനൊഴുകുന്ന പൂക്കൾ പറിച്ചു മാല കോർക്കുന്ന പെണ്ണാളുകൾ .കെട്ടിയ പൂമാലകൾ മുടിയിൽ ചൂടിക്കൊടുക്കുന്ന ആണാളർ ശിവശക്തി സൗന്ദര്യങ്ങൾ കളിമണ്ണിൽ കൊത്തിയ കുടിലുകൾക്കു മുറ്റത്തു തണുത്ത കാറ്റുപോലെ പുഞ്ചിരിയോടെ ഇരിക്കുന്ന പ്രായമായവർ .ഞാൻ തേടിച്ചെന്നവന്റെ പേര് തരുവെന്നായിരുന്നു.വിസ്തൃതമായ പച്ചപ്പിൽ ഒരു നാൾ അവനെ ഞാൻ കണ്ടെത്തി. മുളന്തണ്ടുപോലെ ഓടക്കല്ലുപോലെ ഞാട്ടുമുടി പോലെ ഒരു പെണ്ണൊരുത്തിയോടൊപ്പം തെരുവിന്റെ കയ്യിൽ മുല്ലവള്ളിപോലെ പടർന്നു അവൾ പാട്ടു പാടുകയായിരുന്നു .പുതുമണ്ണിന്റെ ഗന്ധം അവരെ പൊതിഞ്ഞു എന്നെയും ശ്വാസം മുട്ടിച്ചു.പിന്നെ ഞാൻ തിരിഞ്ഞു ഒരോട്ടമായിരുന്നു. ഫണ്ടമെന്റൽ കെമിസ്ട്രിയും പൈതഗോറസ് സിദ്ധാന്തവും ഇറക്കിവെച്ച വെയിൽ മറിയുന്ന ടാറിട്ട പാതയിലേക്ക് .എന്നെ കാണാതായുള്ള വാർത്തകൾ നുരയുന്ന മാധ്യമചർച്ചകളിലേക്കു ഞാൻ ചെന്ന് വീഴുമ്പോഴേക്കും ശിവപുരം കോളനി എന്നിൽ നിന്നും അഞ്ഞൂറ് വർഷം പുറകിലായിക്കഴിഞ്ഞു.

# സോപാനസംഗീതം


കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചുവരുന്ന ഒരു കലാരൂപമാണ് സോപാനസംഗീതം.നടയടച്ചുതുറക്കലിനാണ് സാധാരണ സോപാനസംഗീതം അവതരിപ്പിക്കുന്നത് . സോപാനസംഗീതത്തിൽ വാദ്യമായി ഉപയോഗിക്കുന്നത് ഈ വാദ്യത്തിന്റെ പവിത്രത കൊണ്ട് വാദ്യം താഴെ വെക്കാറില്ല പകരം കൊളുത്തി ഇടുകയാണ് പതിവ് .ക്ഷേത്രത്തിനു അടുത്തുള്ളപടികളെയാണ് സോപാനം എന്ന് പറയുന്നത് .മലയാളത്തിലോ സംസ്കൃതത്തിലോ ഉള്ള ദൈവ ദേവി സ്തുതികളാണ് ഈ സംഗീതത്തിൽ ഉപയോഗിക്കുന്നത് . ഗീതാഗോവിന്ദത്തിലെ ഇരുപത്തിനാലു ഗീതങ്ങൾ സോപാനസംഗീതത്തിൽ അവതരിപ്പിച്ചുവരുന്നു .അഷ്ടപദിയാണ് സാധാരണ പാടുന്നത് .ഇടക്ക കൊട്ടുന്ന ആൾ തന്നെയാണ് പാടുന്നതും സോപാനസംഗീതത്തിൽ ആദ്യം പാടിവരുന്ന ഒരു ഭാഗമാണ് ധ്യാനി .പിന്നെ സ്തുതികൾ ,കീർത്തനങ്ങൾ അഷ്ടപദി ,കേശാദിപാദം ,പാദാദികേശം ,ദണ്ഡകങ്ങൾ,പാലിച്ചിന്തുകൾ ശ്ലോകങ്ങൾ ധ്യാനങ്ങൾ ഇങ്ങനെ ഒട്ടേറെ ഘട്ടങ്ങൾ സോപാനസംഗീതത്തിലുണ്ട് .പതിനൊന്ന് നിതാന്ത് രാഗങ്ങളാണ് ഇതിൽ ഉള്ളത് .അത് ഓരോ യമങ്ങൾക്കു വേണ്ടി ചിട്ടപ്പെടുത്തിയിരിക്കുന്നതാണ് .ഭക്തിയാണ് സോപാനസംഗീതത്തിലെ പ്രധാനം സോപാനസംഗീതവും അഷ്ടപദിയും ഒന്നാണെന്ന ധാരണയുണ്ട് എന്നാൽ ഇവ രണ്ടും രണ്ടാണ് .അഷ്ടപദി ഉണ്ടാകുന്നതിന് എത്രയോ കാലങ്ങൾ മുമ്പ് തന്നെ കേരളത്തിലെ ക്ഷേത്രങ്ങളിൽ ഈ താളവാദ്യ ഗീത പദ്ധതിയും വാമൊഴി വഴക്കത്തിലെ കൊട്ടിപ്പാടി സേവയും ഉണ്ടായിരുന്നതിനു തെളിവുകൾ ഉണ്ട് .തികച്ചും ഭക്തിക്ക് പ്രാധാന്യം ഉള്ളതുകൊണ്ടാണ് അഷ്ടപദി സോപാനസംഗീതത്തിൽ കയറി വന്നിട്ടുള്ളത് .ജനകീയ സദസ്സുകളിൽ സോപാനസംഗീതത്തെ അവതരിപ്പിച്ച കലാകാരനാണ് ഞെരളത് രാമപ്പൊതുവാൾ











# നന്ദി